## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 1708

31.01.2018-ൽ മറുപടി പറയേണ്ടത്

### പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | നിലവിലുള്ള പഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡം വിശദമാക്കാമോ; | (ബി) | നിലവിലുള്ള പഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുമ്പോൾ, ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി സൗകര്യം, തനതു വരുമാനം എന്നീ മാനദണ്ഡങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്. |
| (സി) | ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ? | (സി) | 2015-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പുതിയ പഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റികളുടേയും രൂപീകരണം സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 27.11.2014-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നം.3113/2014/തസ്വഭവ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

I. സാമ്പത്തികശേഷിയുള്ള നല്ല രീതിയിൽ ഭരണനിർവ്വഹണം നടത്തിവരുന്ന പഞ്ചായത്തുകൾ റിപ്പോർട്ടിലെ മാനദണ്ഡം അനുസരിച്ച് വിഭജിക്കുന്നതാൽ പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകളിലെ ജനസംഖ്യ, വിസ്തൃതി, വരുമാനം എന്നിവ നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കുകയില്ല. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൂടി പരിഗണിച്ച് മാത്രമേ പഞ്ചായത്തുകൾ വിഭജിക്കുവാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച വിശദമായ ഒരു പുനഃപരിശോധന ആവശ്യമാണെന്ന് കാണുന്നു.

II. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അവയുടെ സേവനം ജനങ്ങൾക്ക് യഥാസമയം വേഗത്തിൽ ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ എത്തിച്ചുകൊടുക്കുന്നതിന് വിസ്തീർണ്ണത്തിലും ജനസംഖ്യയിലും കുറഞ്ഞ അളവ് പുലർത്തുന്ന ഗ്രാമപഞ്ചായത്തുകളാണ് അഭികാമ്യം.

III. ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവ കൂടി കണക്കിലെടുത്തായിരിക്കണം പുതിയ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടത്.

IV. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ (എ), (ബി) ഖണ്ഡങ്ങൾ പ്രകാരം സർക്കാരിന് ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശങ്ങൾ വിപുലപ്പെടുത്തുകയോ, കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. ഇപ്രകാരം ഭൂപ്രദേശങ്ങൾ കൂട്ടിച്ചേർത്തോ കുറവുചെയ്തോ പഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടില്ല.

V. നിലവിലുള്ള ഗ്രാമപഞ്ചായത്തുകളുടെ ഭൂമിശാസ്ത്രപരമായ കിടപ്പും, ഉയർന്ന ജനസംഖ്യയും മൂലം ശരിയായ രീതിയിൽ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുന്നില്ല എന്ന സാഹചര്യം പരിഗണിച്ച് നിലവിൽ സർക്കാരിന്റെ മുന്നിലുള്ള നിവേദനങ്ങൾകൂടി പരിഗണിച്ചും രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകളുടെ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ശാസ്ത്രീയമായ നിലയിൽ വലിപ്പത്തിലും, ജനസംഖ്യയിലും തുല്യത പുലർത്തുന്ന പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതയും ആരായേണ്ടതാണ്. പുതിയതായി രൂപീകരിക്കുന്നതും മാതൃപഞ്ചായത്തുകളായി നിലനിൽക്കുന്നതുമായ ഗ്രാമപഞ്ചായത്തുകളിൽ ചുരുങ്ങിയത് 15000 ജനസംഖ്യയുണ്ടായിരിക്കേണ്ടതാണ്.

VI. കേരളത്തിലെ ചില ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ അശാസ്ത്രീയമായ വിഭജനംമൂലം സമീപ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങളോട് ചേർന്ന് വളരെ അകലെയായി സ്ഥിതി ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. ഇത്തരത്തിലുള്ള ഭാഗങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലേക്ക് കൂട്ടിച്ചേർക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ധാരാളം അപേക്ഷകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരവും, നേരിട്ടും സർക്കാരിലേക്ക് ലഭിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച് കേരള

അനുബന്ധം

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുതിയ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും രൂപീകരണം സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3113/2014/തസ്വഭവ                തിരുവനന്തപുരം, തീയതി, 27.11.2014

---

പരാമർശം: 1. 10.06.2014-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1465/2014/തസ്വഭവ

2. പഞ്ചായത്ത് ഡയറക്ടറുടെ 06.08.2014-ലെ ജെ3-22792/14 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, ചീഫ് ടൗൺ പ്ലാനർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റി പരാമർശം സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ രൂപീകരണത്തിന് മുമ്പും അതിന് ശേഷവും പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. പരാമർശം രണ്ട് കത്ത് പ്രകാരം മേൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ് പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങളും ഇത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി എടുത്തിട്ടുള്ള തീരുമാനങ്ങളും ഈ കമ്മിറ്റി പരിശോധിച്ചിരുന്നില്ലെന്നും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം 19.11.2014 ന് പഞ്ചായത്തും-സാമൂഹികനീതിയും, നഗരകാര്യ-ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, ചീഫ് ടൗൺ പ്ലാനർ എന്നിവരുമായി വിശദമായി ചർച്ചചെയ്യുകയും ചെയ്തു.

ഈ സാഹചര്യത്തിൽ പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാരിൽ ഇന്നുവരെ ലഭിച്ചിട്ടുള്ള നിവേദനങ്ങളും ഇത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി എടുത്തിട്ടുള്ള തീരുമാനങ്ങളും പരിഗണിച്ചും താഴെ പറയുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും 19.11.2014-ൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലും പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം സംബന്ധിച്ച പരിഷ്കരിച്ച ശിപാർശകൾ അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കുവാൻ പരാമർശം സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

X. ഒരു നഗരസഭയായി പരിവർത്തിപ്പിക്കുന്ന പഞ്ചായത്തിന്റെ വരുമാനം കണക്കിലെടുക്കുമ്പോൾ ഇപ്പോഴുള്ള വരുമാനത്തിന് പുറമേ സമീപ ഭാവിയിൽ ഉണ്ടാകുന്ന വരുമാന സാധ്യതകൂടി പരിഗണിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജയിംസ് വർഗ്ഗീസ്,

പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 4 പ്രകാരം നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്നതിനെ സംബന്ധിച്ചും ആവശ്യമായ ശുപാർശകൾ സമർപ്പിക്കേണ്ടതാണ്.

VII. കേരള മുനിസിപ്പാലിറ്റി ആക്ട് 4(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പൽ കൗൺസിലിനെ മുനിസിപ്പൽ നഗരസഭകളായും മുനിസിപ്പൽ കോർപ്പറേഷനുകളായും സർക്കാരിന് പരിവർത്തനപ്പെടുത്താവുന്നതാണ്. കൂടാതെ, ഏതെങ്കിലും മുനിസിപ്പൽ പ്രദേശത്തെ രണ്ടോ അതിലധികമോ മുനിസിപ്പൽ പ്രദേശങ്ങളാക്കി വിഭജിക്കുകയും ചെയ്യാവുന്നതാണ്.

VIII. നഗരസ്വഭാവം കൈവരിച്ച ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളാക്കി പരിവർത്തനം ചെയ്യുന്നതിന് ഭൂമിശാസ്ത്രപരമായ സവിശേഷതകളും പ്രദേശത്തെ വികസന സാദ്ധ്യതകളുമൊക്കെ പരിഗണിക്കേണ്ടതുണ്ട്. ആയതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ കൂടി പരിവർത്തനത്തിനുള്ള മാനദണ്ഡമായി പരിഗണിക്കേണ്ടതുണ്ടതാണ്.

1. സമീപ ഭാവിയിലെ ആ പ്രദേശത്തെ വികസന സാദ്ധ്യതകൾ
2. പുതിയ തുറമുഖം, റെയിൽവേ, എയർപോർട്ട് എന്നീ പദ്ധതികൾ
3. ഇൻഡസ്ട്രിയൽ ഏരിയ, ഐ.ടി. ഹബ് തുടങ്ങിയവ
4. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്
5. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ
6. നിലവിലുള്ളതും ഭാവിയിൽ പ്രതീക്ഷിക്കാവുന്നതുമായ വരുമാന സ്രോതസ്സുകൾ
7. സാറ്റലൈറ്റ് ടൗൺ ആയി വികസിപ്പിക്കുവാൻ സാദ്ധ്യതയുള്ള പ്രദേശം
8. ശാസ്ത്രീയമായ വികസന സാദ്ധ്യത
9. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നവയുടെ സാന്നിദ്ധ്യം
10. പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി
11. നഗരത്തിൽ നിന്നും വേറിട്ടല്ലാതെ കിടക്കുന്ന പ്രദേശങ്ങൾ
12. നഗരസഭയാക്കിമാറ്റിയാൽ കേന്ദ്ര സർക്കാരിൽ നിന്നും എ.ഡി.ബി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കിട്ടുന്നതിനുള്ള സാധ്യതകൾ

IX. പല കോർപ്പറേഷനുകളോടും കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് കോർപ്പറേഷന്റെ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല എന്നും വികസനവും മറ്റുക്ഷേമ പ്രവർത്തനങ്ങളും എത്തുന്ന കാര്യത്തിൽ മറ്റ് പ്രദേശങ്ങളുമായി അസന്തുലിതാവസ്ഥ ഉണ്ടെന്നും കൂട്ടിച്ചേർക്കൽ അശാസ്ത്രീയമാണെന്നുമുള്ള നിരവധി ആക്ഷേപങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്ത പ്രദേശങ്ങളെ ശാസ്ത്രീയമായി വേർപ്പെടുത്തി പ്രത്യേകം നഗരസഭകളാക്കുന്ന കാര്യവും. അങ്ങനെ വരുന്ന പുതിയ നഗരസഭകളോട് ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ ചേർക്കേണ്ടതുണ്ടെങ്കിൽ ആ കാര്യവും കൂടി പരിഗണിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളും സമർപ്പിക്കേണ്ടതാണ്.